# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1360** — 13.12.2012-ൽ മറുപടിയ്ക്ക്

## മോണോ റെയിൽ പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.എ.ബേബി** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാന ജില്ലയിലെ മോണോ റെയിൽ പദ്ധതിക്കുവേണ്ടി സ്ഥലം അക്വയർ ചെയ്യാനുള്ള സർവ്വേ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഏത് ഏജൻസിയെയാണ് സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ; | (എ) | തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡി.എം.ആർ.സിയെയാണ് ചുമതലപ്പെടുത്തിയത് |
| (ബി) നാഷണൽ ഹൈവേ 47-ന്റെ മധ്യഭാഗത്തായിരിക്കും മോണോ റെയിൽ സർവ്വീസിനുള്ള സംവിധാനം എന്ന വിശദീകരണം നടത്തിയിരുന്നുവോ ; | (ബി) | ഡി.എം.ആർ.സി സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം റോഡിന്റെ മധ്യഭാഗത്തുകൂടി ഉയരത്തിലായിരിക്കും മോണോറെയിൽ കടന്നുപോകുക. |
| (സി) ഹൈവേയുടെ വീതി എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; മോണോറെയിലിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കുമോ ; | (സി) | മോണോറെയിൽ കടന്നുപോകുന്ന ഹൈവേയുടെ വീതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം എടുത്തിട്ടില്ല. മോണോ റെയിൽ സ്ഥാപിക്കാനായി റോഡിന്റെ മധ്യഭാഗത്ത് ഏകദേശം 2 മീറ്റർ വീതിയിലാണ് സ്ഥലം ആവശ്യമായിട്ടുള്ളത്. |
| (ഡി) മോണോ റെയിൽ സ്റ്റോപ്പുകൾ എവിടെയൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഡി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം, പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ താഴെപ്പറയുന്ന 19 സ്റ്റോപ്പുകൾ ഉണ്ടായിരിക്കും.<br>(1) ടെക്നോസിറ്റി (2) പള്ളിപ്പുറം (3) കണിയാപുരം (4) കഴക്കൂട്ടം (5) കഴക്കൂട്ടം ജംഗ്ഷൻ (6)കാര്യവട്ടം (7) ഗുരുമന്ദിരം (8) പാങ്ങപ്പാറ (9) ശ്രീകാര്യം (10) പോങ്ങുംമൂട് (11) ഉള്ളൂർ (12) കേശവദാസപുരം (13) പട്ടം (14) പ്ലാമൂട് (15) പാളയം (16) സെക്രട്ടേറിയറ്റ് (17), തമ്പാനൂർ (18) കിള്ളിപ്പാലം (19) കരമന. |
| (ഇ) ദേശീയപാതയുടെ ഇരുവശങ്ങളിൽ നിന്നായി മോണോ റെയിലിന് വേണ്ടി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | വിശദമായ സർവ്വേയ്ക്ക് ശേഷം മാത്രമേ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം കണക്കാക്കാനാകൂ. |

സെക്ഷൻ ഓഫീസർ